**A** 712

# സമഗ്രശിക്ഷാ കേരളം
## പാദവാർഷിക മൂല്യനിർണ്ണയം 2023-2024
## മലയാളം
## അടിസ്ഥാനപാഠാവലി

**ക്ലാസ് : 7** **സമയം: 2 മണിക്കൂർ**

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ചു പ്രവർത്തനത്തിൽ നാല് എണ്ണത്തിനു ഉത്തരമെഴുതിയാൽ മതി.

---

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

താഴെ തന്നിരിക്കുന്ന കത്ത് വായിച്ചു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

വീണ്ടും ഓണം വരവായി. ഇളവെയിലും മഞ്ഞപ്പക്കികളും ഇടയ്ക്കിടെ ഒരു കളിമഴയും ഒരുപാടു പൂക്കളും പാട്ടുകളുമായി, മേളങ്ങളും സദ്യകളും ഊഞ്ഞാലാട്ടവും ഓണക്കളികളുമായി ഇത്ര സുന്ദരമായൊരു ഉത്സവം ലോകത്തെങ്ങുമില്ല. പൂക്കളുടെയും പാട്ടുകളുടെയും ഉത്സവം - സൗന്ദര്യോത്സവം. നമ്മുടെ മാത്രം സ്വന്തം ഉത്സവം! ഇതിനു ചന്തം കുറയാതെ, ആഹ്ലാദം കുറയാതെ കാക്കേണ്ടത് നിങ്ങൾ കുട്ടികളാണ്. നിങ്ങൾക്കു വേണ്ടിയാണ് പൂക്കൾ വിരിയുന്നതും ഊഞ്ഞാലുകൾ ആടുന്നതും നിലാവു പൊഴിയുന്നതും. ടി.വി.യുടെ മുന്നിൽ കുത്തിയിരിക്കാതെ ഈ ഓണക്കാലം ആഘോഷിക്കുക. ഊഞ്ഞാൽപ്പാട്ടുകളും ഓണപ്പാട്ടുകളും പഠിച്ച് കൂട്ടുകാരുമൊത്ത് പാടിക്കളിക്കുക. ഊഞ്ഞാലിടാൻ മുറ്റത്തു മരമുണ്ടോ? എനിക്കറിഞ്ഞുകൂടാ. ഉണ്ടെങ്കിൽ ഊഞ്ഞാൽ കെട്ടി പാടിപ്പറന്ന് മത്സരിച്ച് ആടിത്തിമിർക്കുക. എത്ര ബുദ്ധിമുട്ടുള്ള വീട്ടിലും അമ്മമാർ ഓണമൊരുക്കും. ഉപ്പേരിയും പായസവും ഓണക്കോടിയുമെല്ലാം നിങ്ങൾക്കു വേണ്ടി.

നോക്കൂ, എന്നോടൊപ്പം കുറെയേറെ കുട്ടികളുണ്ട്. അച്ഛനമ്മമാർ ഇല്ലാത്തവർ, പിറന്ന വീട് അറിഞ്ഞു കൂടാത്തവർ, ഒരുപാടു ദുരിതങ്ങളും പീഡനങ്ങളും സഹിച്ചവർ - പക്ഷേ അവർ കുട്ടികളായതിനാൽ ചിരികളിമേളം തകർക്കുന്നു. കോടിയുടുത്ത് ഊഞ്ഞാലാടി ഓണപ്പൂക്കളമിട്ട് സദ്യയുണ്ട് ആഘോഷിക്കുന്നു. അവരെപ്പോലെയുള്ള ഒട്ടേറെപ്പേർ എവിടെയുമുണ്ട്. നിങ്ങൾ ഓണം കൊണ്ടാടുമ്പോൾ ചുറ്റുമൊന്നു നോക്കണം. വിശക്കുന്ന ഒരു കൊച്ചുമുഖവും ഈ നാട്ടിൽ കാണാൻ പാടില്ല. നിങ്ങളുടെ ഓണപ്പങ്ക് ഇല്ലാത്തവർക്കും വീതിച്ചു നൽകുക. അതു നിങ്ങളെ കൂടുതൽ സന്തുഷ്ടരാക്കും.

സ്നേഹത്തോടെ,

സുഗതകുമാരി

1. കത്തിൽ മഴയെ എങ്ങനെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്?.

   എ) ഓണമഴ ബി) പൂമഴ സി) കളിമഴ

2. പൂക്കൾ വിരിയുന്നതും ഊഞ്ഞാലാടുന്നതും നിലാവ് പൊഴിയുന്നതും ആർക്കു വേണ്ടിയാണെന്നാണു പറയുന്നത്?

   എ) എല്ലാവർക്കും വേണ്ടി ബി) കുട്ടികൾക്കു വേണ്ടി സി) മുതിർന്നവർക്കു വേണ്ടി

3. ഓണപ്പങ്ക് ആർക്കാണ് വീതിച്ചു നൽകേണ്ടത്?

എ) കുട്ടികൾക്ക് ബി) ഇല്ലാത്തവർക്ക് സി) ഓണക്കളിക്കാർക്ക്

4. ഓണം കൊണ്ടാടുമ്പോൾ ചുറ്റും നോക്കണമെന്ന് സുഗതകുമാരി പറയാൻ കാരണമെന്ത് ?

എ) പങ്കുവച്ച് എല്ലാവരുടേയും വിശപ്പ് ഇല്ലാതാക്കാൻ

ബി) ഊഞ്ഞാലാടാൻ

സി) കുട്ടികളെ കാണാൻ

5. എത്ര ബുദ്ധിമുട്ടുള്ള വീട്ടിലും അമ്മമാർ ഓണമൊരുക്കും എന്ന വാക്യത്തെ സമർഥിക്കുന്ന പഴഞ്ചൊല്ല് ഏത്?

എ) അത്തം കറുത്താൽ ഓണം വെളുക്കും.

ബി) ഓണം വരാനൊരു മൂലം വേണം

സി) കാണം വിറ്റും ഓണം ഉണ്ണണം

പ്രവർത്തനം 2 – (എ) താരതമ്യക്കുറിപ്പ്

**ലെസ്‌ലിയെന്ന ധീര**

ബൊഗോത്ത : മെയ് ഒന്നിനു കൊളംബിയയിൽ ആമസോൺ മഴക്കാടുകളിൽ തകർന്നു വീണ വിമാനത്തിൽ അമ്മയും കുടുംബസുഹൃത്തും പൈലറ്റും മരിച്ചു കിടക്കുന്നതു കണ്ട കുഞ്ഞു ലെസ്‌ലി മൂന്നു കുഞ്ഞുസഹോദരങ്ങളുമായി ഇറങ്ങി നടന്നു. ആ പതിമൂന്നുകാരിക്ക് അപ്പോൾ ഒരു ലക്ഷ്യമേയുണ്ടായിരുന്നുള്ളു. സഹോദരങ്ങളെ മരണത്തിനു വിട്ടുകൊടുക്കരുത്. ആ ലക്ഷ്യം അവൾ നിറവേറ്റി.

തന്റെ ഹെയർറിബൺ കൊണ്ട് ടെന്റുകെട്ടി മറച്ചും കൈയിലവശേഷിച്ചിരുന്ന കപ്പപ്പൊടി കുറച്ചു കുറച്ചായി നൽകിയും ഭക്ഷ്യയോഗ്യമായ പഴങ്ങൾ തിരിച്ചറിഞ്ഞ് കുഞ്ഞനുനുജൻമാർക്ക് സമയാസമയങ്ങളിൽ നൽകിയും ഈ കുഞ്ഞുധീര തന്റെ കുഞ്ഞുസഹോദരങ്ങളുടെ ജീവൻ കാത്തു. വീട്ടിൽ അമ്മ ജോലിക്കു പോകുന്ന സമയത്തെല്ലാം ഇളയകുട്ടികളെ പരിചരിച്ചുള്ള പരിചയം ലെസ്‌ലിക്കുണ്ടായിരുന്നു. അവർക്ക് അവൾ അമ്മ തന്നെയായിരുന്നു.

ലെസ്‌ലിയുടെ ധീരതയെ മാത്രമല്ല, നേതൃത്വത്തെയും നാം അഭിനന്ദിക്കണം.

ലെസ്‌ലിയെക്കുറിച്ചുള്ള പത്രവാർത്ത വായിച്ചല്ലോ. ലെസ്‌ലി എന്ന സഹോദരിയെയും **കൊച്ചനുജൻ** എന്ന കവിതയിലെ സഹോദരിയെയും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ബി) ഈഷൽ എന്ന പദത്തിന്റെ അർത്ഥം എന്ത്?

എ) സങ്കടം ബ) സംശയം സി) ദേഷ്യം

പ്രവർത്തനം 3 – അനുഭവക്കുറിപ്പ്

പ്രിയ എന്ന കുട്ടിയുടെ അനുഭവം വായിക്കൂ.

ഞാൻ കുഞ്ഞായിരിക്കുമ്പോൾ ചേട്ടനും ഞാനും ഒളിച്ചു കളിക്കും. എന്നെ ചേട്ടൻ പെട്ടെന്ന് കണ്ടു പിടിക്കും. എനിക്കാവുകയുമില്ല. എന്റെ സങ്കടം കണ്ടാൽ ചേട്ടനൊരു സൂത്രമൊപ്പിക്കും. ആദ്യമൊന്നും എനിക്കതു മനസ്സിലായില്ല സൂത്രമാണെന്ന്. പക്ഷേ ഇന്നെനിക്കറിയാം. എന്താണെന്നോ? ഒളിച്ചിരിക്കുമ്പോൾ ചേട്ടൻ തുമ്മുകയോ ചുമയ്ക്കുകയോ ചെയ്യും. അതു പൊലെ തന്നെ എന്നെ കണ്ടാലും കാണാത്ത ഭാവത്തിൽ തെരയും.

ഇതുപോലെ നിങ്ങളുടെ സഹോദരങ്ങളുമൊത്തോ കൂട്ടുകാരുമൊത്തോ ഉള്ള അനുഭവം എഴുതുക.

**പ്രവർത്തനം 4 (എ) - അഭിപ്രായക്കുറിപ്പ്**

**സമൂഹമാധ്യമങ്ങളിൽ തരംഗമായ ഒരു വീഡിയോയിലെ രംഗമാണ് ചിത്രത്തിലുള്ളത്.**



**വിൽപ്പനയ്ക്കുള്ള പഴങ്ങളുമായി ഉന്തുവണ്ടിയിൽ പോവുകയായിരുന്ന ഒരു അമ്മയെ രണ്ടു സ്കൂൾ കുട്ടികൾ വണ്ടി തള്ളി സഹായിച്ചു. വണ്ടിയിൽ അവരുടെ കുഞ്ഞിനെ കിടത്തിയിട്ടുണ്ട്. റോഡിലെ കയറ്റം കാരണം ഉന്തുവണ്ടി തള്ളിക്കയറ്റാൻ സാധിക്കാതെ ആ അമ്മ പ്രയാസപ്പെടുന്നത് മറ്റു പലരും കണ്ടെങ്കിലും അവഗണിച്ച് മുന്നോട്ടു പോവുകയാണുണ്ടായത്. എന്നാൽ ഈ രണ്ടു കുട്ടികൾ ഓടിയെത്തി ആ അമ്മയെ സഹായിക്കുന്നതും അവസാനം അവർ കുട്ടികൾക്ക് പഴം സമ്മാനിക്കുന്നതുമാണ് വീഡിയോയിലുള്ളത്.**

**'അശ്വതി'യിലെ കഥാകാരന്റെ നന്മയുള്ള മനസ്സ് കണ്ടല്ലോ. ഈ കുട്ടികളുടെ പ്രവൃത്തി നിങ്ങളിൽ ഉണർത്തിയ ചിന്തകളും അഭിപ്രായങ്ങളും കുറിപ്പാക്കുക.**

**(ബി)** 'ആ പെൺകുട്ടിക്ക്, പറിച്ചു നട്ടതിനുശേഷം വെള്ളം കിട്ടാത്തതിനാൽ വാടിപ്പോയ ഒരു ചെടിയുടെ ദൈന്യമുണ്ടായിരുന്നു'. അശ്വതിയെക്കുറിച്ച് കഥാകാരൻ ഇങ്ങനെ പറഞ്ഞതുകൊണ്ട് അർഥമാക്കുന്നതെന്ത്?

എ) ആ കുട്ടി വളരെ ക്ഷീണിതയായിരുന്നു.

ബി) കുട്ടി കുളിച്ചിട്ട് ഏറെ ദിവസങ്ങളായിരുന്നു.

സി) അന്യദേശത്തുനിന്നും വന്ന് ഇവിടെ ജീവിക്കാൻ പ്രയാസപ്പെടുന്ന കുട്ടിയാണ്.

**പ്രവർത്തനം 5 (എ) വിശകലനക്കുറിപ്പ്**

**ഈ തലക്കെട്ട് വായിക്കൂ.**

| |
|---|
| **അപകടത്തിൽ കൈയും കാലും നഷ്ടമായി; പ്രതിസന്ധിയിൽ തളരാതെ പന്ത്രണ്ടാം ക്ലാസുകാരൻ ശിവം സോളങ്കി, കൈമുട്ടുകൊണ്ട് പരീക്ഷയെഴുതാൻ തയ്യാറെടുക്കുന്നു.** |

* ഇരുളടഞ്ഞ ലോകത്തിൽ ഒരാൾക്ക് തന്റെ മന:പ്രകാശത്തിന്റെ സഹായത്തോടു കൂടി മുന്നോട്ടു പോവാൻ സാധിക്കുന്നു.
* നമ്മുടെ ചിന്തകളും ലക്ഷ്യങ്ങളും വികാരങ്ങളും നാം ജീവിക്കുന്ന ലോകം സൃഷ്ടിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നു.

ശിവം സോളങ്കിയുടെ അനുഭവം **'നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു'** എന്ന പാഠഭാഗത്തെ ആശയങ്ങളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

**(ബി)** 'നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു' എന്ന ലേഖനം എഴുതിയതാര്?

എ) ടി.പത്മനാഭൻ, ബി) കെ.പി.കേശവമേനോൻ, സി) അയ്യപ്പപ്പണിക്കർ

**പ്രവർത്തനം 6 – ആസ്വാദനക്കുറിപ്പ്**

**കൊച്ചനുജത്തി**

കൊച്ചനുജത്തിയീക്കുട്ടിക്കുറുമ്പിയെ
പ്പിച്ചവെയ്പ്പിച്ചെന്റെ കൈ കുഴഞ്ഞു!
ഒറ്റടി വെച്ചേ നടക്കയുള്ളൂ, ഇവൾ
ഒട്ടുമേ മുന്നോട്ടു നീങ്ങുകില്ല!
മിണ്ടാതിരിക്കയുമില്ലിവൾ, നിർത്താതെ
കിന്നാരമോതിയെൻ വായ് കടഞ്ഞു!

കണ്ടതു കണ്ടതു കേറിപ്പിടിച്ചിവൾ
ഉണ്ടാക്കിടാത്ത കുഴപ്പമില്ല!
കത്തും നിലവിളക്കും ചില്ലുപാത്രവും
എത്തിപ്പിടിക്കുമിവളെ, യെന്നാൽ
എപ്പോഴുമെന്നോ "ടരു" തെന്നു ചൊല്ലുമെൻ
അച്ഛനും കൊഞ്ചിപ്പതെന്തുകൊണ്ടോ!
അമ്മയ്ക്കുമില്ല പരാതി; "അവൾ കൊച്ചു –
കുഞ്ഞല്ലീ?" യെന്നേ പറഞ്ഞിടുന്നൂ!

എങ്കിലും, എങ്കിലും സ്കൂളുവിട്ടെത്തുമ്പോൾ
ഉമ്മറത്തില്ലവളെങ്കിൽ, എന്റെ
കണ്ണു നിറയുമേ! ആണയിടാം, എന്റെ
കുഞ്ഞനിയത്തിയെൻ ജീവനാണേ!

ആത്മാരാവൻ

'കൊച്ചനുജൻ' എന്ന കവിതയിൽ നിന്നും മനസ്സിലാക്കിയ ആശയങ്ങളും സഹോദര്യത്തെക്കുറിച്ചുള്ള നിങ്ങളുടെ അനുഭവങ്ങളും ഉൾപ്പെടുത്തി മുകളിൽ നൽകിയിരിക്കുന്ന 'കൊച്ചനുജത്തി' എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.